# സംഗ്രഹം

1. കൊല്ലം ജില്ലയുടെ തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച ഭൂപടം തയ്യാറാക്കിയിരിക്കുന്നത് 1:25000 സ്കെയിലിൽ 9 ഷീറ്റുകളിലായി KL09, KL10, KL11, KL12, KL13, KL14, KL15, KL16, KL17എന്നീ നമ്പരുകളിൽ ഉൾപ്പെടുത്തിയാണ്.
2. 25 ഗ്രാമ പഞ്ചായത്തുകളും (ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം, തൊടിയൂർ, മൈനാഗപ്പള്ളി, പൻമന, ചവറ, തേവലക്കര, പടിഞ്ഞാറെ കല്ലട, കിഴക്കേ കല്ലട, ശാസ്താംകോട്ട, പവിത്രേശ്വരം, കുന്നത്തൂർ, പേരയം, മൺറോതുരുത്ത്, പെരിനാട്, പനയം, തൃക്കരുവ, തെക്കും ഭാഗം, നീണ്ടകര, മയ്യനാട്, ആദിച്ചനല്ലൂർ, നെടുമ്പന, ചാത്തന്നൂർ, പൂതക്കുളം), കരുനാഗപ്പള്ളി, പരവൂർ എന്നീ മുനിസിപ്പാലിറ്റികളും കൊല്ലം മുനിസിപ്പൽ കോർപ്പറേഷനും തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്നു.
3. കൊല്ലം ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകൾ CRZ I A, CRZ I B, CRZ II, CRZ III A, CRZ III B, CRZ IV A, CRZ IV B എന്നിവ ഉൾപ്പെട്ടതാണ്.
4. CRZ III നെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. 1) CRZ III A യും 2) CRZ III B യും.

**സി. ആർ. ഇസഡ് III A സി. ആർ. ഇസഡ് III B**

2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽകൂടുതലോ ഉള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സി. ആർ. ഇസഡ് III A യിൽ കടലിന്റെ വേലിയേറ്റ നിരയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയാണ്, എന്നാൽ സി.ആർ. ഇസഡ് III B കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയാണ്. ഉൾനാടൻ ജലാശയങ്ങളുടെ മേഖലയിലുള്ള സി. ആർ. ഇസഡ് III വിഭാഗത്തിലെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെയോ, ജലാശയത്തിന്റെ വീതിയോ, കരയിലേയ്ക്കുള്ള പ്രദേശങ്ങളോ ഏതാണ് കുറവ് അതും വികസന രഹിത മേഖലയാണ്.

തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ പ്രവർത്തനരഹിത മേഖല ബാധകമല്ല.

1. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽ കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ മേഖലയായിരിക്കും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്തിട്ടുണ്ട്.
2. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന വേലിയേറ്റ രേഖയുടെ നീളം 597.32 (54.2 + 543.12) കി.മീറ്റർ ആണ്.
3. CRZ II- ൽ ഉൾപ്പെടുന്ന കരപ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 13.7179 (9.895206 $Km^2$+ 3.822694 $Km^2$) ചതുരശ്ര കി. മീ ആണ്.
4. കൊല്ലം ജില്ലയിലെ വേലിയേറ്റ വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്ന നദികളോടും വേലിയേറ്റ ജലപ്രവാഹം സ്വാധീനിക്കുന്ന അവയുടെ പോഷക കൈവഴികളോടും ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ) യുടെ ആകെ വിസ്തീർണ്ണം 15.930917 ചതുരശ്ര കി. മീ ആണ്.
5. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ)യുടെ ആകെ വിസ്തീർണ്ണം 1.279707 ചതുരശ്ര കി. മീറ്ററും മറ്റ് ജലാശയങ്ങളുടെത് 15.930917 ചതുരശ്ര കി. മീറ്ററുമാണ്.
6. തീരദേശ നിയന്ത്രണ രേഖയുടെ 50 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ III A മേഖലയുടെ ആകെ വിസ്തീർണ്ണം 5.730019 ചതുരശ്ര കി. മീ ആണ്.
7. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന തീരദേശ നിയന്ത്രണ രേഖയുടെ 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ III B മേഖലയുടെ ആകെ വിസ്തീർണ്ണം 0.158093 ചതുരശ്ര കി. മീ ആണ്.
8. CRZ IV B മേഖലയുടെ ആകെ വിസ്തീർണ്ണം 71.81881 ചതുരശ്ര കി. മീ ആണ്.